

# രക്ഷകനായ ദൈവം

2

സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി.

പാഠം 5

# രക്ഷകനെ വാഗ്ദാനം ചെയ്യുന്ന ദൈവം.



ദൈവം ആദത്തേയും ഹവ്വായേയും ഏദൻതോട്ടത്തിൽ നിന്നു പുറത്താക്കുകയും മണ്ണിൽ നിന്നെടുത്ത മനുഷ്യനെ മണ്ണിനോടു മല്ലിടുവാൻ വിടുകയും ചെയ്തു.

ആദത്തിന്റെയും ഹവ്വായുടെയും കഷ്ടതകളും ക്ലേശങ്ങളും ക് ദൈവത്തിനു കരുണ തോന്നി.

അവരെ രക്ഷിക്കുന്നതിനു വേി
ഒരു രക്ഷകനെ അയയ്ക്കാമെന്നു
ദൈവം വാഗ്ദാനം ചെയ്തു.

**അവിടന്നു വാഗ്ദാനം ചെയ്ത രക്ഷകനാണു കന്യകാമറിയത്തിൽനിന്നു ജനിച്ച ഈശോ.**



ദൈവം കാരുണ്യവാനാണ്.
അവിടുന്ന് എല്ലാവരെയും
സ്നേഹിക്കുന്നു.

# നമുക്കു പാടാം



കല്പന ലംഘിച്ചാദിപിതാക്കൾ
തോട്ടത്തിന്നു പുറത്തായി
പലവിധ ദുരിതവുമാധിയുമവരുടെ
ജീവിതവഴികളിലുളവായി.

എങ്കിലുമരുളി ദൈവം നരരുടെ
സങ്കടമെല്ലാം പോക്കിടുവാൻ
രക്ഷകനെത്തും സമയത്തികവിൽ
നരരെ മോചിതരാക്കിടുവാൻ.





# നമുക്കുപ്രാർത്ഥിക്കാം

**കരുണാമയനായ ദൈവമേ, രക്ഷകനെ വാഗ്ദാനം ചെയ്ത അങ്ങയുടെ വലിയ സ്നേഹത്തിനു ഞാൻ നന്ദി പറയുന്നു.**

# എന്റെ തീരുമാനം

എന്നോടു വഴക്കുണ്ടാക്കുന്ന കൂട്ടുകാരോടു ഞാൻ സ്നേഹത്തോടെ പെരുമാറും.

# ബോധ്യങ്ങൾ

* പറുദീസായിൽ നിന്നും പുറത്താക്കപ്പെട്ട ആദിമാതാപിതാക്കൾ ധാരാളം ദുരിതമനുഭവിച്ചു.

* അവരോടു കരുണ തോന്നിയ ദൈവം ഒരു രക്ഷകനെ വാഗ്ദാനം ചെയ്തു.

* അവിടുന്നു വാഗ്ദാനം ചെയ്ത രക്ഷകനാണ് ഈശോ.



# മനോഭാവങ്ങൾ



* നാം പാപം ചെയ്യാതെ ജീവിക്കുവാൻ ശ്രമിക്കണം.

* പാപികളോടു കരുണ കാണിച്ച ദൈവത്തോടു നന്ദിയും സ്നേഹവുമുള്ളവരായിരിക്കണം.

* മറ്റുള്ളവരോടു നാമും കരുണ കാണിക്കണം.

# ശീലങ്ങൾ

* നമ്മളോടു തെറ്റുചെയ്യുന്നവരോടു സ്നേഹമായി പെരുമാറുക.

* കൊച്ചുകൊച്ചു പ്രാർത്ഥനകളിലൂടെ ദൈവത്തോടു നന്ദി പ്രകടിപ്പിക്കുക.

* ഓരോ ദിവസവും തെറ്റുകൾ ചെയ്യാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുക.




THANK
YOU